ഉത്തരം

(എ) 744.700 മെട്രിക് ടൺ നെല്ല് അരിയാക്കി മാറ്റിയിട്ടുണ്ട്.

(ബി) പ്രതിദിനം 2 ഷിഫ്റ്റുകളിലായി 40 ടൺ നെല്ല് ഇവിടെ സംസ്കരിക്കാവുന്നതാണ്. 2007 ഡിസംബർ മാസത്തിൽ മില്ല് ട്രയൽ റൺ നടത്തി, 2008 ജനുവരി 1-ന് ഉദ്ഘാടനം ചെയ്തു. 24-11-2008 മുതൽ 10-6-2009 വരെയും 20-1-2010 മുതൽ 8-6-2010 വരെയും മില്ല് തുടർച്ചയായി പ്രവർത്തിക്കുകയുണ്ടായി.

(സി) മില്ലിലേക്കാവശ്യമായ നെല്ല് ലഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ന്യായമായ വിലയ്ക്ക് ആവശ്യമായ നെല്ല് ലഭിച്ചു തുടങ്ങിയാൽ മില്ലിന്റെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

(ഡി)

തസ്തിക	ജീവനക്കാരുടെഎണ്ണം
ബോയിലർ ഓപ്പറേറ്റർ	2
മിൽ ഓപ്പറേറ്റർ	2
പാർ ബോയിലിംഗ് യൂണിറ്റ് ഓപ്പറേറ്റർ	2
ഇലക്ട്രീഷ്യൻ	1
ഹെൽപ്പർ	2

ആകെ 9 താൽക്കാലിക ജീവനക്കാർ മില്ലിൽ ഇപ്പോൾ ജോലി ചെയ്തു വരുന്നു.

കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ

208 (5620) ശ്രീ. എം. മുരളി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2009-2010 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയത് ;

(സി) ഈ കാലയളവിൽ ഏതൊക്കെ കോൾനിലങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി ആകെ എന്തു തുക ചെലവഴിച്ചു ;

(ഇ) ഇത്തരം വികസന പ്രവർത്തനങ്ങളിലൂടെ എത്ര ഹെക്ടർ ഭൂമിയിൽ ഈ കാലയളവിൽ അധികമായി നെൽകൃഷി നടത്താൻ സാധിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര നെൽകൃഷി വികസന പദ്ധതി ആർ.കെ.വി.വൈ.പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിലൂടെ പ്രധാന കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1. തൃശ്ശൂർ ജില്ലയിൽ ഉൾപ്പെട്ട കോൾ നിലങ്ങൾക്കായി സ്വീകരിച്ച നടപടികൾ :

2007-2008-ലെ ആർ.കെ.വി.വൈ. പദ്ധതിയിൽ ബണ്ട് ശക്തിപ്പെടുത്തൽ, ഷട്ടർ, പറക്കുഴി എന്നിവയുടെ നിർമ്മാണം, ഡിസ്ചാർജ്ജ് ചാൽ, മോട്ടോർ ഷെഡ് എന്നിവയുടെ നിർമ്മാണം, മോട്ടോർ ആന്റ് പറ (10 എണ്ണം) പെട്ടി, പറ (22 എണ്ണം), മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ (10 എണ്ണം) എന്നിവ യ്ക്കായി 150 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 2008-09-ൽ നാലു പാടശേഖരങ്ങളിൽ 50% സബ്സിഡി നിരക്കിൽ കൊയ്ത്തു മെതിയെന്ത്രം വാങ്ങി നൽകുന്നതിനായി 44.27052 ലക്ഷം രൂപ ചെലവഴിച്ചു. 2009-10-ൽ കോൾ മേഖലയിലെ ബണ്ടു നിർമ്മാണം, പെട്ടി, പറ, മോട്ടോർ, മോട്ടോർ ആന്റ് പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കാനും മോട്ടോർ ഷെഡ് നിർമ്മാണം എന്നിവയ്ക്കുമായി 245 ലക്ഷം രൂപയുടെ പ്രവർത്തികൾ പുരോഗമിക്കുന്നു. സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഒന്നാം ഘട്ട കോൾ വികസന പദ്ധതിയിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന 6 പ്രവർത്തികൾ പൂർത്തീകരിക്കു വാൻ ഭൂവികസന കോർപ്പറേഷന് 2.12872 കോടി രൂപ അനുവദിക്കുകയും പ്രസ്തുത പ്രവർത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. 2009-2010 വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കോൾ നിലങ്ങളിലെ നെൽകൃഷി വികസന പദ്ധതിയിലും അടിസ്ഥാന സൗകര്യ വികസനത്തിന് അനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരികയുമാണ്. തൃശ്ശൂർ കോൾ വികസന ഏജൻസിക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ നടപ്പു സാമ്പത്തിക വർഷം 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. പൊന്നാനി കോൾ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ :

നൂറടി തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. തയ്യാറാക്കിയ 4.79 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പുന്നയൂർക്കുളം, പരൂർ കോൾ പടവിലെ സ്ഥിരം ബണ്ടു നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. 2010-2011

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം പൊന്നാനി കോൾ മേഖലയിൽ അടിസ്ഥാന സൗകര്യ മുൾപ്പെടെയുള്ള പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഏജൻസിക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കോൾ മേഖലയുടെ ഒന്നാം ഘട്ട വികസന പദ്ധതിയിൽ പൂർത്തീകരിക്കാത്ത ആറ് പ്രവർത്തികൾ പൂർത്തീകരിക്കുവാൻ 2.12872 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. ആർ.കെ.വി.വൈ പദ്ധതിയിൽ 245 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ വിവിധ പദ്ധതി ഘടകങ്ങൾക്കായി 143.14 ലക്ഷം രൂപയുടെ പദ്ധതിക്കും അംഗീകാരം നൽകുകയുണ്ടായി.

(സി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ തൃശ്ശൂർ കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

കോൾ മേഖലയിൽ ഉൾപ്പെട്ട വിവിധ പാടശേഖരങ്ങളുടെ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(ഡി) സംസ്ഥാന ഭൂവികസന കോർപ്പറേഷന്റെ 31-5-2010 വരെയുള്ള റിപ്പോർട്ട് പ്രകാരം 47.9743 ലക്ഷം രൂപ ഒന്നാം ഘട്ട പദ്ധതിയിലെ പ്രവർത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തികൾ തുടർന്നു വരുന്നു.

2009-10 ആർ.കെ.വി.വൈ പദ്ധതിയിൽ 245 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ആർ.കെ.വി.വൈ പദ്ധതി ഘടകങ്ങളിലൂടെ നടപ്പിലാക്കിയ പ്രവർത്തികൾ മുഖാന്തിരം തൃശ്ശൂർ ജില്ലയിലെ 600 ഹെക്ടർ കോൾ നിലങ്ങളിൽ അധികമായി ഒന്നാം വിള എടുക്കാൻ സാധിച്ചു.

മരച്ചീനി കൃഷി വ്യാപിപ്പിക്കാൻ നടപടി

209 (5624) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരച്ചീനി കൃഷി കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മരച്ചീനി കിഴങ്ങിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly